**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചു എങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ; | (എ) | ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് കിഫ്ബി വഴി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1.ഒപി കാഷ്യാലിറ്റി,ഡയഗ്നോസ്റ്റിക്സ് എന്നിവയുടെ ശാക്തീകരണത്തിന് 12.32 കോടി രൂപ. 2. ഡയാലിസിസ് യൂണിറ്റിന് -1.567 കോടി രൂപ. |
| (ബി) | ഏത് വിഭാഗത്തിലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വെളിപ്പെടുത്തുമോ; | (ബി) | ഒ.പി, കാഷ്യാലിറ്റി, ഡയഗ്നോസ്റ്റിക്സ് നവീകരണത്തിന് കിഫ്ബി മുഖേനയാണ് തുക അനുവദിച്ചിട്ടുള്ളത്. എച്ച്.എൽ.എൽ. ഇൻഫ്രാടെക് സർവീസസ്(ഹൈറ്റ്സ്) എന്ന ഏജൻസിയെയാണ് നിർവഹണത്തിനായി ഏൽപ്പിച്ചിട്ടുള്ളത്. |
| (സി) | നവീകരണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി 26.02.2021 ന് ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ